**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 317** **04-10-2021 - ൽ മറുപടിയ്ക്ക്**

**മൂലമ്പിള്ളി-പിഴല റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ജിഡ കൗൺസിൽ അംഗീകാരം നൽകിയതും തദ്ദേശ സ്വയം ഭരണ വകുപ്പ് 4.8 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതുമായ മൂലമ്പിള്ളി - പിഴല പാലത്തിന്റെ അപ്രോച്ച് റോഡായ പിഴല 350 മീറ്റർ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | പിഴല 350 മീറ്റർ റോഡിനുവേണ്ടി 4.8 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജിഡ മുഖേന സ്വീകരിച്ചു വരികയാണ്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് ധനകാര്യ വകുപ്പിന്റെ അക്രെഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) ആണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ആരാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) | പിഴല 350 മീറ്റർ റോഡിനുവേണ്ടി 4.8 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജിഡ മുഖേന സ്വീകരിച്ചു വരികയാണ്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് ധനകാര്യ വകുപ്പിന്റെ അക്രെഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) ആണ്. |
| (സി) | ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (സി) | ഈ പ്രവൃത്തിക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്നും സാങ്കേതികാനുമതി ലഭ്യമാക്കുവാനാകില്ല എന്നറിയിച്ചിട്ടുള്ളതാണ് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് സാങ്കേതികാനുമതി ആവശ്യപ്പെട്ടിരുന്നു എങ്കിലും അനുമതി ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ, സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിന് കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്സ് (KSTP) ന്റെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് എന്നത്തേക്ക് റോഡിന്റെയും മൂലമ്പിള്ളി | (ഡി) | സാങ്കേതികാനുമതി, സ്ഥലമെടുപ്പ് നടപടികൾ, പാരിസ്ഥിതികാനുമതികൾ എന്നിവ |

| | | | |
|---|---|---|---|
| | പാലത്തിന്റെയും പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ? | | ലഭ്യമാകുന്നതോടെ പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ